**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നുവെന്നും പ്രസ്തുത പാടങ്ങളിൽകൂടി കൃഷി ചെയ്യുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ 89.47 ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നു. തരിശ് ഭൂമി നെൽകൃഷി പ്രോത്സാഹനം പദ്ധതി നടപ്പിലാക്കി വരുന്നു. തരിശ് കൃഷി യോഗ്യമാക്കുവാൻ ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും കൃഷി വകുപ്പ് പദ്ധതികൾ മുഖേനയും സഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിന് പ്രാദേശിക തല നിരീക്ഷണ സമിതി മുഖാന്തരം നടപടികൾ എടുക്കുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്ക് 2021 മുതൽ എത്ര തുക അനുവദിച്ചുവെന്നും, എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കുമോ? | (ബി) | 2021 മുതൽ 2023-24 വരെ 423000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 80000/- രൂപ തരിശ് ഭൂമി നെൽകൃഷി പ്രോത്സാഹനം പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ